ഹരിപ്പാട് കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി 250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ DRIQ ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഹരിപ്പാട് ടെക്നിക്കൽ ഹൈസ്ക്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള 455 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഇ) ഹരിപ്പാട് കോർക്ക് കോംപ്ലക്സിന്റെ ടെണ്ടർ നടപടികൾ ജനുവരി 30-ടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹരിപ്പാട് ടെക്നിക്കൽ ഹൈസ്ക്കൂൾ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനു ശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

നിയമപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിന്റെ വിശദാംശം

191 (2291) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിച്ച നിയമ പരിഷ്ക്കാര കമ്മീഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദവിവരം നൽകാമോ ;

(സി) നിലവിലുള്ള നിയമങ്ങളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും അപ്രസക്തമായ നിയമങ്ങൾ അസാധുവാക്കുന്നതിനുമുള്ള ശിപാർശകൾ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ജനങ്ങളുടെ മൗലികാവകാശ സംരക്ഷണം സംബന്ധിച്ച ശുപാർശകളോ നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളോ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിച്ച നിയമപരിഷ്ക്കാര കമ്മീഷന്റെ terms of reference താഴെ പറയും പ്രകാരമായിരുന്നു.

(a) To rectify defects in the existing Laws

(b) To repeal obsolete or unnecessary enactments.

(c) To consolidate, modify and reform the existing Laws.

(d) To simplify or modernize the Laws

LIBRARY ARCHIVES Kerala Legislative Assembly

(e) To adopt new and more effective methods for the administration of the Law

(f) To systematically develop and reform the Law

(g) To provide training to the officers for legislative drafting'

(h) To provide training for the legislators in the legislative process

(i) Matters to be implemented jointly by the Legislature, Parliamentary Affairs Department and Law Department regarding Legislation.

(j) Steps to be taken by various Government Departments regarding legislation

(k) Other matters to be considered in the field of legislation in the new world order.

(l) Other matters referred to the Commission by the Government within its period regarding Law reforms.

(ബി) കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭ ഉപസമിതിയുടെ പരിഗണനയിലാണ്.

(സി) ഉണ്ട്

(ഡി) ഉണ്ട്

നിയമങ്ങൾ യൂണിഫൈ ചെയ്യുന്ന നടപടി

182 (2282) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഒരേ വിഷയത്തിൽ നിലനിൽക്കുന്ന വിവിധ നിയമങ്ങൾ യൂണിഫൈ ചെയ്യാൻ ബിസിനസ്സ് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോ ; എങ്കിൽ ഇത് വിശദമാക്കുമോ ;

(ബി) ഏത് വകുപ്പാണ് ഈ വിഷയം കൈകാര്യം ചെയ്യേണ്ടത് ;

(സി) ഈ സംവിധാനം അനുസരിച്ച് ഏതെല്ലാം നിയമങ്ങളാണ് നാളിതുവരെ യൂണിഫൈ ചെയ്തതെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇനി എത്ര നിയമങ്ങൾ യൂണിഫൈ ചെയ്യാനുണ്ട് ;

(ഇ) സർക്കാർ നിയമിച്ച നിയമ പരിഷ്കരണ കമ്മീഷൻ ഏതെല്ലാം നിയമങ്ങൾ യൂണിഫൈ ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട് ;

(എഫ്) പ്രസ്തുത ശിപാർശയനുസരിച്ച് ഏതെല്ലാം നിയമങ്ങൾ യൂണിഫൈ ചെയ്തു ;

LIBRARY ARCHIVES Kerala Legislative Assembly